പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 786 5.6.2018 -ൽ മറുപടിയ്ക്ക്

**ടൂറിസം വരുമാനത്തിൽ ജി.എസ്.ടി വരുത്തിയ ഇടിവ്**

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| ജി.എസ്.ടി നടപ്പിലാക്കുക വഴി കേരളത്തിലെ ടൂറിസം മേഖലയിലെ വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ടോ; ഇത് നിലവിൽ വന്നതോടെ ടൂറിസം മേഖലയിലെ വളർച്ചയിൽ എത്രശതമാനത്തിന്റെ ഇടിവുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ചരക്കുസേവന നികുതി നടപ്പാക്കിയ 2017 ജൂലൈ മാസം വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നെങ്കിലും തുടർന്നുള്ള ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത മൂന്ന് മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വന്ന കുറവ് വിദേശ നാണ്യ വരുമാനത്തിലും പ്രതിഫലിച്ചിരുന്നു. എന്നാൽ 2017 വർഷാവസാനം 2016-നെ അപേക്ഷിച്ച് ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 11.39 % -ഉം 5.15 % -ഉം വിദേശ നാണ്യ വരുമാനത്തിൽ 8.29 %-ഉം ടൂറിസം മേഖലയിലുണ്ടായ മൊത്തം വരുമാനത്തിൽ 12.56 %-ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**